# കേരള സർക്കാർ


## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി7-1590/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 22/01/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കടനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.-കെ.ടി.എം.പി7-1590/2021 തീയ്യതി: 22/01/2022

## കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-12-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 07-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) | 24-11-2021 | 07-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-11-2021 | 07-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ഇന്ദുലേഖ എ., ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ബിനീത് രാജൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ജയ്സൺ ജോർജ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി ഷീജമോൾ കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| ശ്രീ സജിത്ത് മാത്യൂസ് | സെക്രട്ടറി | 25-04-2019 | 20-06-2019 |
| ശ്രീമതി ഷീജമോൾ കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-06-2019 | 19-07-2019 |
| ശ്രീ സജിത്ത് മാത്യൂസ് | സെക്രട്ടറി | 20-07-2019 | 08-08-2019 |
| ശ്രീ മനോജ് കെ. | സെക്രട്ടറി | 09-08-2019 | 31-08-2019 |
| ശ്രീ റോയി കെ. മാത്യൂ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-09-2019 | 03-10-2019 |
| ശ്രീ മനോജ് കെ. | സെക്രട്ടറി | 04-10-2019 | 19-12-2019 |
| ശ്രീ ബിനോയ് പി. റ്റി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-12-2019 | 25-02-2020 |
| ശ്രീ മനോജ് കെ. | സെക്രട്ടറി | 26-02-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| അജ്മൽ പി. എം. | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. സുനിൽ വി. ബി. | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. യശോധരൻ ഗോപാലൻ | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ. അനു ജോർജ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| സുനിത്ത് ഗോപാലകൃഷ്ണൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കൊല്ലപ്പള്ളി) | 01-04-2019 | 31-03-2020 |
| സുധീപ് റ്റി. ജി. | വില്ലേജ് എക്സ്റ്റെൻഷൻ | 01-04-2019 | 16-11-2019 |

| | | | |
|---|---|---|---|
| | ഓഫീസർ(നീലൂർ-കുറുമണ്ണ്) | | |
| സുഷ ഹരി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(നീലൂർ-കുറുമണ്ണ്) | 17-11-2019 | 31-03-2020 |
| ഗീതാംബിക എ. എൻ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സുജാത വി. ബി. | ഹെഡ്മിസ്ട്രസ്- ഗവ. എൽ.പി.എസ്. കടനാട് | 01-04-2019 | 31-03-2020 |
| ഗ്രീഷ്മ ജി. | അസിസ്റ്റന്റ് എഞ്ചിനീയർ(എൽ.എസ്.ജി.ഡി.) | 01-04-2019 | 31-03-2020 |
| ലിബീഷ് മാത്യു | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഷീജമോൾ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 26-07-2019 |
| റോയി കെ. മാത്യു | അസിസ്റ്റന്റ് സെക്രട്ടറി | 27-07-2019 | 16-12-2019 |
| ബിനോയി പി. റ്റി. | അസിസ്റ്റന്റ് സെക്രട്ടറി | 17-12-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 25-11-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 25-11-2021) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 25-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 25-11-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 08-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 25-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-01-2022) | 1-4 |
| 5 | വാർഷികപദ്ധതി അവലോകനം<br>Written By: A Indulekha (Audit Officer, On 07-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-01-2022) | 1-5 |
| 6 | ദേശീയതൊഴിലുറപ്പ് പദ്ധതി<br>Written By: A Indulekha (Audit Officer, On 07-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-6 |
| 7 | സാമീഹ്യക്ഷേമപദ്ധതികൾ<br>Written By: Bineeth Rajan (Auditor, On 06-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Bineeth Rajan (Auditor, On 06-12-2021)<br>Last Updated By: Bineeth Rajan (Auditor, On 06-12-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: A Indulekha (Audit Officer, On 07-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 25-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-10 |
| 11 | അംഗൻവാടി തൊഴിലാളികളുടെ പ്രതിഫല തുക മുഴുവനായും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ല<br>Written By: Sivaraj P (Senior Grade Auditor, On 06-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-01-2022) | 1-11 |
| 12 | തൊഴിൽ നികുതി-പൊതു അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 08-12-2021) | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-13 |
| 14 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഒടുക്കാതെ ഡിമാന്റിൽ നിന്ന് ഒഴിവാക്കി<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 08-12-2021) | 1-14 |
| 15 | വാടക കുടിശ്ശിക - വിശദാംശങ്ങൾ ലഭ്യമല്ല<br>Written By: Bineeth Rajan (Auditor, On 06-12-2021) | 1-15 |

| | | |
|---|---|---|
| | Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | |
| 16 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ആവശ്യമായ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Bineeth Rajan (Auditor, On 06-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-16 |
| 17 | മിൽക്ക് റൂട്ട് ഇല്ലാത്ത ക്ഷീരസംഘങ്ങൾക്ക് മിൽക്ക് ട്രാൻസ്പോർട്ട് അസിസ്റ്റൻസ് - അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല<br>Written By: Bineeth Rajan (Auditor, On 06-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-01-2022) | 1-17 |
| 18 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ- ധനവിനിയോഗം, വിതരണ വിവരം എന്നിവ ലഭ്യമാക്കാത്തത് -ചെലവ് തടസ്സം<br>Written By: Shanti George (Asst. Audit Officer, On 07-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-18 |
| 19 | വൃദ്ധജനങ്ങൾക്ക് പോഷകാഹാരം - പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Shanti George (Asst. Audit Officer, On 07-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-19 |
| 20 | പഠനോപകരണങ്ങൾ വാങ്ങിയത്-നടപടികളിൽ അപാകത<br>Written By: Sivaraj P (Senior Grade Auditor, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-20 |
| 21 | സ്വയം തൊഴിൽ പരിശീലന കേന്ദ്രം അറ്റകുറ്റപ്പണി -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: A Indulekha (Audit Officer, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-01-2022) | 1-21 |
| 22 | വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതിയിൽ അപാകങ്ങൾ<br>Written By: Shanti George (Asst. Audit Officer, On 08-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 1-22 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 01-12-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 01-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 01-12-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Sivaraj P (Senior Grade Auditor, On 01-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 01-12-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 30-11-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 19-01-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 25/02/2019 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 3,823,262/- | 16,540,709/- |
| വരവ് | 117,689,993/- | 42,964,074/- |
| ആകെ | 121,513,255/- | 59,504,783/- |
| ചെലവ് | 119,768,278/- | 43,717,269/- |
| നീക്കിയിരിപ്പ് | 1,744,977/- | 15,787,514/- |

ബജറ്റ് പ്രകാരം 11.77 കോടി രൂപയുടെ പ്രതീക്ഷിത വരവും 11.98 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 7.5 കോടി രൂപയും ചെലവ് 7.4 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

### 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 75,037,026/- രൂപയും ചെലവ് 74,001,308/- രൂപയും തൻവർഷ പ്രവർത്തന മിച്ചം 1,035,718/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 60,662,492/- രൂപയും ബാധ്യതകളുടെ മൂല്യം 48,217,943/- രൂപയും ജനറൽ ഫണ്ട് 12,444,549/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം സെക്രട്ടറി സാക്ഷ്യപ്പെടുത്തി എ.സി.ആർ. പ്രകാരം ആധികാരികമാക്കേണ്ടതായിരുന്നു.
3. EMS ഭവന പദ്ധതി വായ്പ തിരിച്ചടയ്ക്കാനുള്ള ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 174,973/- രൂപ വായ്പ അക്കൗണ്ട് മുൻവർഷത്തിൽ ക്ലോസ് ചെയ്ത ശേഷവും നിലനിൽക്കുന്നു.
4. KURDFC ലോൺ തുകയിൽ 814/- രൂപ 41900344/01.04.2019 വൗച്ചർ പ്രകാരം Prior Period-Programme Expense ആയി ക്രമീകരിച്ചിരിക്കുന്നു. ആയതിനാൽ ലോൺ ബാലൻസിൽ 814/- രൂപയുടെ വ്യത്യാസം കാണുന്നു.
5. സംയുക്ത പ്രോജക്ടിനായി ജില്ലാ-ബ്ലോക്ക് വിഹിതത്തിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് സാംഖ്യ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ

സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
7. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
8. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.
9. ട്രേഡർ-സ്ഥാപന തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ അക്രൂവൽ വരവിനങ്ങളുടെ ഡിമാന്റ് കണക്കാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്ററുകളിലെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
10. 2019-20 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷ റോഡ് ആസ്തികൾ 31/03/2020 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.
11. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
12. പഞ്ചായത്ത് 2019-20 വർഷം നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച മുഴുവൻ തുകയും നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
13. I-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.
14. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 16,540,709/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42,964,074/- |
| ആകെ | 59,504,783/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43,717,269/- |
| നീക്കിയിരിപ്പ് | 15,787,514/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 127,916/- |

1-4 ഫണ്ട് വിനിയോഗം

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 11,528,000/- | 11,528,000/- | 9,959,681/- | 1,568,319/- | 86.40 |
| വികസന ഫണ്ട്- എസ്.സി.പി. | 0 | 2,047,000/- | 2,047,000/- | 1,541,568/- | 505,432/- | 75.31 |
| വികസന ഫണ്ട്- ടി.എസ്.പി. | 0 | 381,000/- | 381,000/- | 148,412/- | 232,588/- | 38.95 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 8,812,172/- | 8,812,172/- | 4,587,975/- | 4,224,197/- | 52.06 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 5,916,000/- | 5,916,000/- | 2,599,648/- | 3,316,352/- | 43.94 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3,374,000/- | 3,374,000/- | 1,854,376/- | 1,519,624/- | 54.96 |
| SGSY ഫണ്ട് | 631,772/- | 0 | 631,772/- | 0 | 631,772/- | - |
| സമ്പൂർണ്ണ ശുചിത്വ പരിപാടി | 921,145/- | 0 | 921,145/- | 0 | 921,145/- | - |
| ICDS ഫണ്ട് | 1,806,473/- | 456,120/- | 2,262,593/- | 1,100,000/- | 1,162,593/- | - |
| ലൈബ്രറി ഗ്രാന്റ് | 0 | 15,889/- | 15,889/- | 15,580/- | 309/- | - |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 71,619/- | 0 | 71,619/- | 71,619/- | 0 | - |
| സാക്ഷരത ഗ്രാന്റ് | 6,982/- | 303/- | 7,285/- | 12/- | 7,273/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 510,900/- | 0 | 510,900/- | 510,900/- | 0 | - |

| | | | | | | |
|---|---|---|---|---|---|---|
| കേരളോൽസവം ഗ്രാന്റ് | 0 | 20,000/- | 20,000/- | 20,000/- | 0 | - |
| ജലനിധി ഗ്രാന്റ് | 328,525/- | 10,599/- | 339,124/- | 0 | 339,124/- | - |
| ലൈഫ് സർക്കാർ ഫണ്ട് | 316,936/- | 1,287,452/- | 1,604,388/- | 1,286,127/- | 318,261/- | - |

14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) ൽ ബജറ്റ് വിഹിതമായ 88.1 ലക്ഷം രൂപയും 08/08/2019 ലെ G.O.(Rt) No.6335/2019/Fin പ്രകാരം ഗ്രാന്റ് തുകയിലെ ഒന്നാം ഗഡു ലഭിക്കാനുള്ള കാലതാമസത്തിനുള്ള പലിശ 2,172/- രൂപയും ചേർത്ത് 8,812,172/- രൂപ അലോട്ട്മെന്റ് ലഭിച്ചു. വികസന ഫണ്ടിന്റെ ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം ജി.ഓ. പ്രോജക്ടുകൾക്കായി ക്രമീകരിച്ച തുകയാണ്. വിശദാംശം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ACR പ്രകാരം അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക(G.O. Project) | ആകെ അലോട്ട്മെന്റ് |
|---|---|---|---|
| വികസന ഫണ്ട്-General | 10,538,688/- | 459,900/-(ജി.ഓ. പ്രോജക്ടായി അക്കൌണ്ട് ചെയ്തില്ല)<br>255/20-264,706/-<br>259/20-264,706/-<br>ആകെ-989,312/- | 11,528,000/- |
| വികസന ഫണ്ട്-SCP | 2,002,882/- | 256/20-22,059/-<br>259/20-22,059/-<br>ആകെ-44,118/- | 2,047,000/- |
| വികസന ഫണ്ട്-SCP | 351,588/- | 258/20-14,706/-<br>261/20-14,706/-<br>ആകെ-29,412/- | 381,000/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൌണ്ട് ചെയ്തതിലെയും ജി.ഓ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- വികസന ഫണ്ട്-പൊതുവിഭാഗത്തിൽ 3-ാം ഗഡു സ.ഉ.(സാധാ) നം.10050/2019/ധന തീയതി 21/12/2019 പ്രകാരം ലഭ്യമാക്കിയപ്പോൾ 2018-19 വർഷം അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ 459,900/- രൂപ സ്രോതസ്സിൽ കുറവ് ചെയ്തശേഷമാണ് ഗ്രാന്റ് ലഭ്യമാക്കിയത്. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഗ്രാന്റ് ലഭ്യമായ ശേഷം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ നിർദ്ദേശിച്ചത് 306,600/- രൂപയായിരുന്നു(അനുബന്ധം-1 ക്രമ നം.296). എന്നാൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകതന്നെ 154/20 നം. പ്രോജക്ട് രൂപീകരിച്ച് ട്രാൻസ്ഫർ ചെയ്തു(വികസന ഫണ്ട്-പൊതുവിഭാഗം ACR പ്രകാരം ക്രമ നം.16).
- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- വികസന ഫണ്ട്-പൊതുവിഭാഗത്തിൽ സ.ഉ.(സാധാ) നം.10050/2019/ധന തീയതി 21/12/2019 പ്രകാരം ജി.ഓ. പ്രോജക്ടായി അക്കൌണ്ട് ചെയ്യേണ്ടിയിരുന്ന 459,900/- രൂപ അക്കൌണ്ട് ചെയ്യാതിരുന്നതിനാൽ ഗ്രാന്റ് പത്രിക പ്രകാരമുള്ള ചെലവിൽ 459,900/- രൂപ ഉൾപ്പെട്ടിട്ടില്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം അക്കൗണ്ട് ചെയ്യുന്നതിന് എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.

ആയതിനാൽ ധനകാര്യ പത്രിക പ്രകാരം ചേർത്ത മേൽ പട്ടികയിലെ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയ കണക്കുകളുടെ കൃത്യത വ്യക്തമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമാക്കുന്ന 2019-20 ലെ വരവ്-ചെലവ്-തിരിച്ചടവ് കണക്കുകൾ, വിശദാംശങ്ങൾ, ഇടപാടുകളുടെ വാർഷിക സംക്ഷിപ്തം എന്നിവ ഉൾപ്പെടുത്തി ഓരോ ശീർഷകത്തിന്റെയും എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ കണക്കിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20ലെ വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗ് 25.01.2019ൽ നടക്കുകയുണ്ടായി . പദ്ധതിരൂപീകരണ ഗ്രാമ സഭകൾ 27.01.2019 മുതൽ 03.02.2019വരെനടത്തിയിരുന്നു. 19.02.2019ൽ ഭരണസമിതി അംഗീകരിച്ച പ്രസ്തുത പ്രോജക്റ്റുകൾ5.03.2019ലെ 2707/18/DPC/DPO/KTMനമ്പർ ഉത്തരവ് പ്രകാരം ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിക്കുകയും ചെയ്തു.അംഗീകാരം ലഭിക്കുകയും നടപ്പിലാക്കുകയും ചെയ്ത പ്രോജക്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്റ്റുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 222 | 127 | 56779420 | 30616986 | 54 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ വാർഷികപദ്ധതി പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 717940 | 717940 | 100 |
| 2 | വെറ്ററിനറി സർജൻ | 5 | 5 | 2777850 | 2514875 | 90 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 5 | 3 | 1206500 | 1048532 | 87 |
| 4 | മെഡി.ഓഫീസർ, ആയുർവേദ | 3 | 3 | 530000 | 529240 | 99 |
| 5 | വി.ഇ.ഒ-1 | 15 | 12 | 11155229 | 8693989 | 80 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 5 | 3 | 3764160 | 2959300 | 79 |
| 7 | സെക്രട്ടറി | 43 | 24 | 10093876 | 3230466 | 33 |
| 8 | അസി.എൻജിനീയർ | 125 | 58 | 24882881 | 9375360 | 38 |

| | | | | | | |
|---|---|---|---|---|---|---|
| 9 | ക്ഷീരവികസന ഓഫീസർ | 2 | 2 | 600000 | 600000 | 100 |
| 10 | അസി.സെക്രട്ടറി | 8 | 7 | 663509 | 609309 | 91 |
| 1` | ഹെഡ്മാസ്റ്റർ | 4 | 3 | 387475 | 337975 | 87 |
| | ആകെ | 222 | 127 | 56779420 | 30616986 | 54 |

ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ആവിഷ്ക്കരിക്കുന്നതിന് ഭരണസമിതി ശ്രദ്ധ ചെലുത്തിയതായി കാണുന്നു. ലൈഫ് ഭവനനിർമ്മാണപദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. അങ്കണവാടികളുടെയും എൽ.പി. സ്കൂളുകളുടെയും മെയിന്റനൻസ് നടത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിരുന്നു. ആശുപത്രികളിലേയ്ക്ക് മരുന്നുകൾ/ അവശ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ഹരിതകർമ്മസേന മുഖാന്തിരം വീടുകളിൽനിന്ന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുകയും അംഗങ്ങൾക്ക് പ്രതിഫലം നല്കുന്നതിന് വയബിലിറ്റി ഗ്യാപ് ഫണ്ട് ഉപയോഗിക്കുകയും ചെയ്തിട്ടുണ്ട്. വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും യൂസർഫീ ഈടാക്കിവരുന്നു.

ഗ്രാമസഭയിൽ ഉന്നയിക്കപ്പെടുന്ന ആവശ്യങ്ങൾ പൂർണ്ണമായി പരിഗണിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന് അങ്കണവാടികളിൽ വിതരണം ചെയ്യുന്ന പോഷകാഹാര സാധനങ്ങളുടെ ഗുണനിലവാരം ടെസ്റ്റുചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നില്ല.

വിവിധ നിർവഹണോദ്യോഗസ്ഥർ മുഖാന്തിരം നടപ്പാക്കിയ പ്രോജക്ടുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

അംഗീകാരം കിട്ടിയ222പ്രോജക്ടുകളിൽ 127എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്.വകയിരുത്തിയ ആകെ തുകയുടെ 54ശതമാനമാണ് ചെലവ്.നൂതന പ്രോജക്ടുകളൊന്നും തന്നെ ഏറ്റെടുക്കുകയോ നടപ്പാക്കുകയോ ചെയ്തിട്ടില്ല.ലൈഫ് ഭവനപദ്ധതിയാണ് തൻവർഷം ഏറ്റെടുത്ത ഏറ്റവും ബൃഹത്തായത്. എന്നാൽ ഭവനത്തിനായി തെരഞ്ഞെടുക്കപ്പെട്ട് കരാർ വച്ച ഗുണഭോക്താക്കളുടെയും നിർമ്മാണത്തിന്റെ വിവിധഘട്ടങ്ങളിലായി തുക കൈപ്പറ്റിയതിന്റെയുമുൾപ്പെടെയുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല.

മരാമത്ത്പ്രവൃത്തികൾ

റോഡ് കോൺക്രീറ്റിംഗ്, റോഡ് ടാറിംഗ്, സ്കൂളുകളുടെയും അങ്കണവാടികളുടെയും അറ്റകുറ്റപ്പണികൾ,തുടങ്ങിയവയാണ് അസി.എൻജിനീയർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ പ്രധാനമായവ.റോഡ് പ്രവൃത്തികളിൽ കണക്റ്റിവിറ്റി മാപ്പ് തയാറാക്കണമെന്ന് വാർഷികപദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്ക്കർഷിച്ചിട്ടുണ്ടെങ്കിലും തയാറാക്കിയിട്ടില്ല.പശ്ചാത്തലമേഖലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി ആവിഷ്കരിച്ച 125 പ്രോജക്ടുകളിൽ 50% പ്രോജക്ടുകൾ പോലും തൻവർഷം പൂർത്തീകരിച്ചില്ല. .ആകെ അംഗീകാരം ലഭിച്ച 125 പ്രോജക്ടുകളില് 32എണ്ണം സ്പിൽ ഓവർ പ്രവൃത്തികളാണ്.അതായത് 67എണ്ണവും നടപ്പാക്കിയില്ല.ഇതിൽ നിന്ന് പഞ്ചായത്തിന്റെ ലഭ്യമായ ഉദ്യോഗസ്ഥശേഷിക്ക് സാധിക്കുന്നതിനപ്പുറമാണ് ഓരോവർഷവും അംഗീകാരം വാങ്ങുന്ന പ്രോജക്ടുകളുടെ എണ്ണമെന്നാണ് വ്യക്തമാകുന്നത്.ഇപ്രകാരം നിരവധി പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് പ്രവൃത്തിയുടെ ഗുണനിലവാരം,ഫലപ്രാപ്തി,കാര്യക്ഷമത എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു. പ്രവൃത്തികളുടെ അനിവാര്യത ,തുടർപുരോഗതിയെ എപ്രകാരം സഹായിക്കുന്ന എന്നിവയായിരിക്കണം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽമാനദണ്ഡമാക്കേണ്ടത്.എന്നാൽ വാർഡടിസ്ഥാനത്തിൽ ഫണ്ട് വീതം

വയ്ക്കുന്നതുമൂലം ഇപ്രകാരമുള്ള മാനദണ്ഡങ്ങൾ പ്രാവർത്തികമാക്കാനാവുന്നില്ല.

ടെണ്ടർ നടപടികളിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നില്ല

തൻവർഷം ടെണ്ടർ ചെയ്ത 58 പ്രവൃത്തികളിൽ 13എണ്ണം ഒഴികെ ബാക്കിയുള്ളവയ്ക്ക് 2 കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിരിക്കുന്നത്. പ്രോജക്ടുകളുടെ ഫലപ്രാപ്തി, പൂർത്തീകരണം, നിർവഹണഘട്ടങ്ങൾ എന്നിവയിലൊന്നും മോണിട്ടറിംഗ് ഉണ്ടായില്ലയെന്നത് വാർഷികപദ്ധതിയുടെ ഏറ്റവും വലിയ കുറവാണ്. നിർവഹണ ഉദ്യോഗസ്ഥനെ പ്രോജക്ട് ഏല്പിച്ചശേഷം മീറ്റിംഗുകളും ചർച്ചകളും നടത്തി നിർദേശങ്ങൾ നല്കുന്നതിനപ്പുറം ഫീൽഡ്തല സന്ദർശനങ്ങൾ, രേഖകൾ പരിശോധിക്കൽ തുടങ്ങിയവയിലൂടെ യഥാർഥ നിർവഹണങ്ങൾ വിലയിരുത്തപ്പെടുന്നില്ല. ഭരണസമിതി, സ്റ്റാന്റിംഗ് കമ്മിറ്റികൾ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ കാര്യക്ഷമമായ ഇടപെടലുകളിലൂടെ മാത്രമെ വാർഷികപദ്ധതിയുടെ ഫലപ്രാപ്തി സാധ്യമാവുകയുള്ളൂ.

1-5എ വിനിയോഗലക്ഷ്യം കൈവരിച്ചില്ല 1.1 കോടി രൂപ നഷ്ടപ്പെട്ടു

ഓഡിറ്റ് വർഷം സമയബന്ധിതമായി പദ്ധതി നടപ്പാക്കാത്തതിനാൽ നഷ്ടമായ സർക്കാർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | അലോട്ട്മെന്റ്/ വരവ് | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 11,528,000/- | 9,959,681/- | 1,568,319/- |
| വികസന ഫണ്ട്-എസ്.സി.പി. | 2,047,000/- | 1,541,568/- | 505,432/- |
| വികസന ഫണ്ട്-ടി.എസ്.പി. | 381,000/- | 148,412/- | 232,588/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 8,812,172/- | 4,587,975/- | 4,224,197/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 5,916,000/- | 2,599,648/- | 3,316,352/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 3,374,000/- | 1,854,376/- | 1,519,624/- |
| ആകെ 11366512/- | | | |

പ്രവൃത്തികളുടെ ബാഹുല്യവും, പദ്ധതി നിർവ്വഹണ നടപടികളിലെ മെല്ലെപ്പോക്കും സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണമാണ്. തൻവർഷത്തേയ്ക്ക് ലഭിക്കാൻ സാദ്ധ്യതയുള്ള ആകെ പദ്ധതി വിഹിതത്തിന് ആനുപാതികമായി മാത്രം പദ്ധതികൾ തയ്യാറാക്കുകയോ (സ്പിൽ ഓവർ ഉൾപ്പെടെ), അതല്ലെങ്കിൽ സ്പിൽഓവർ പദ്ധതികളുടെ പ്രവർത്തനങ്ങൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച്

ലഭിക്കാൻ സാദ്ധ്യതയുള്ള അധിക വിഹിതത്തിനായി സർക്കാരിനെ സമീപിക്കുകയോ ചെയ്യേണ്ടത് അനിവാര്യമാണ്. വികസനപ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 1.8 കോടി രൂപ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ തിരികെ ലഭിക്കാൻ അർഹതയുള്ള തുക ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ദേശീയതൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2020-21 വർഷം 246പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം740പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 728പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ711പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 73694തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 1231കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി,തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്,മഴക്കുഴി,പടുതാക്കുളം തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ ,തുടങ്ങിയ പ്രോജക്റ്റുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കാഷ്ബുക്ക് പ്രകാരമുള്ള 2020-21വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 1151.25 | 1194686 | 1195837.25 | 815120 | 380717.25 |
| ഭരണചെലവ് | | 16615545.25 | 16615545.25 | 16615545.25 | |
| ആകെ | 1151.25 | 17810231.25 | 17811382.50 | 17430665.25 | 380717.25 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കും ബാങ്ക് സ്റ്റേറ്റ്മെന്റ്,തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20880 | 11 |
| വാർദ്ധക്യകാലപെൻഷൻ | 9302100 | 1819 |
| കർഷകതൊഴിലാളി പെൻഷൻ | 1830000 | 331 |
| വിധവാപെൻഷൻ | 2610600 | 492 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 273000 | 48 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 1322700 | 244 |
| വിവാഹധനസഹായം | 60000 | 2 |

1-8 ക്യാഷ്ബാലൻസ് പരിശോധന

2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് ഒരേ സമയത്ത് നടത്തിയതിനാൽ ക്യാഷ് ബാലൻസ് സംബന്ധിച്ച വിവരം 2020-21 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ അപാകത പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്.പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുള്ളത്.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACRസൂക്ഷിയ്ക്കുന്നില്ല. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ, വാട്ടർ ചാർജ്ജ് രജിസ്റ്റർ, സ്യൂട്ട് രജിസ്റ്റർ, ലോൺ രജിസ്റ്റർ , സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാദ്ധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09/12/2019 | 11/2019 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22/06/2006 | 2005-06 വരെ | LBA(HQ)8A/1000/415 തീയതി 21/07/2006 |

1-11 അംഗൻവാടി തൊഴിലാളികളുടെ പ്രതിഫല തുക മുഴുവനായും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തില്ല

2019-20 വർഷത്തെ വികസന ഫണ്ട്(ജനറൽ) വിഹിതം ലഭിച്ച അലോട്ട്മെന്റുകളിൽ നിന്നും അംഗൻവാടി തൊഴിലാളികളുടെ വേതനമിനത്തിലുള്ള തുക 2235-02-102-05-Deduct Amount Transferred From Development Fund Towards Honorarium & Allowance Of Anganwadi Workers And Helpers(NP) ശീർഷകത്തിലേക്ക് തദ്ദേശ ഭരണ സ്ഥാപന സെക്രട്ടറിമാർ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യാൻ ഫണ്ട് അലോട്ട്മെന്റ് ഉത്തരവുകളിൽ സർക്കാർ നിർദ്ദേശിച്ചിരുന്നു(ഖണ്ഡിക.4). എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള മുഴുവൻ തുകയും 2019-20 വർഷം കടനാട് പഞ്ചായത്തിൽ(Local Body Code:G050504) നിന്നും ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടില്ല എന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് അലോട്ട്മെന്റ് സർക്കാർ ഉത്തരവ് | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ട തുക | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | ബാക്കി | പ്രോജക്ട് നം. |
|---|---|---|---|---|
| സ.ഉ.(സാധാ)നം.2772/2019/ധന, തീയതി 03/04/2019(അനുബന്ധം-1 ക്രമ നം.296) | 306,600/- | 306,600/- | ഇല്ല | 153/20 |
| സ.ഉ.(സാധാ)നം.6105/2019/ധന, തീയതി 01/08/2019(അനുബന്ധം-1 ക്രമ നം.296) | 306,600/- | 459,900/- | (153,300/-) | 154/20 |
| സ.ഉ.(സാധാ)നം.10050/2019/ധന, തീയതി 21/12/2019(അനുബന്ധം-1 ക്രമ നം.296) | 306,600/- | - | 306,600/- | - |
| ആകെ | 919,800/- | 766,500/- | 153,300/- | - |

919,800/- രൂപ ഒടുക്കേണ്ട സ്ഥാനത്ത് 766,500/- രൂപ മാത്രമാണ് 2 പ്രോജക്ടുകളിലൂടെ ഈയിനത്തിൽ ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തത്. സർക്കാർ ഉത്തരവുകൾ പ്രകാരം 2019-20 വർഷം ഒടുക്കേണ്ടിയിരുന്ന തുകയിൽ 153,300/- രൂപ കുറവായി അടവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയതിന്(നം.6/2019-20/06.12.2021) രേഖാമൂലം മറുപടി ലഭിച്ചില്ല. 01/08/2019 ലെ സ.ഉ.(സാധാ)നം.6105/2019/ധന പ്രകാരമുള്ള വികസനഫണ്ട് സ്രോതസ്സിൽ കുറവ് ചെയ്തതുക 459,900/- തന്നെ മെയ്-2019 മാസം 154/20 പ്രോജക്ട് പ്രകാരം അടവാക്കിയിരുന്നതായും അടവാക്കിയ തുക സർക്കാർ ഉത്തരവിൽ സ്രോതസ്സിൽ കുറവ് ചെയ്തതിനാലാണ് തുടർന്ന് അടവാക്കാത്തതെന്നും അറിയിച്ചു. 2019-20 വർഷം ഒടുക്കേണ്ടിയിരുന്നതിൽ കുറവുവന്ന തുക 153,300/- രൂപ 2021-22 വർഷം സർക്കാർ അനുമതിയോടെ വാങ്ങി നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതോ വികസന ഫണ്ട് സ്രോതസ്സിൽ കുറവ് വരുത്താൻ സർക്കാർ മുഖേന നടപടി സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 1-12 തൊഴിൽ നികുതി-പൊതു അപാകതകൾ

2019-20 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപനങ്ങളെ ഇൻഡെക്സ് ചെയ്ത് ജീവനക്കാരുടെ തൊഴിൽ നികുതി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വരവ് കണക്കുകൾ ക്രോഡീകരിച്ചിട്ടില്ല.
2. സ്ഥാപന തൊഴിൽ നികുതിയുടെ കൃത്യമായ ഡിമാന്റ് നിർണ്ണയിച്ചിട്ടില്ല. ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരമുള്ള ഡിമാന്റ് തുക എപ്രകാരമാണ് നിർണ്ണയിക്കപ്പെട്ടത് എന്ന് വ്യക്തമല്ല. 2019-20 ലെ ഡിമാന്റ് തുക 314,182/- രൂപയാണ്. ധനകാര്യ പത്രിക പ്രകാരമുള്ളത്. 10 ന്റെ ഗുണിതമായി ഡിമാന്റ് ചെയ്യേണ്ട നികുതി ഡിമാന്റ് അപ്രകാരമല്ലാത്ത തുകയായി അക്രുവൽ നടത്തിയതും കൃത്യമായ ഡിമാന്റ് നിർണ്ണയിക്കാതിരുന്നതും നികുതിനിർണ്ണയത്തിലെ അപാകതയാണ്.

3. സ്ഥാപന തൊഴിൽ നികുതി ബാധകമായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ധാരാളം സ്ഥാപനങ്ങൾ നികുതി ഒടുക്കാത്തതായി രജിസ്റ്ററിൽ കാണുന്നു. എന്നാൽ 31/03/2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപന/ട്രേഡർ തൊഴിൽ നികുതി ഇനത്തിൽ ലഭിക്കാനുള്ള തുകയില്ലാത്തത് ഡിമാന്റിലെ അപാകത വ്യക്തമാക്കുന്നു.
4. ട്രേഡർ തൊഴിൽ നികുതി രേഖപ്പെടുത്തുന്നത് ലൈസൻസ് രജിസ്റ്ററിലാണ്. കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.

കൃത്യമായ ഡിമാന്റ് നിശ്ചയിക്കാതെയും ഡിമാന്റ് രജിസ്റ്ററിലെ കണക്കുകൾ ക്രമീകരിക്കാതെയുമാണ് തൊഴിൽ നികുതി ചുമത്തൽ നടത്തുന്നത്. കൃത്യമായ ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവിന്റെ ആധികാരികത വ്യക്തമല്ല. അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലും തൊഴിൽ നികുതി ഡിമാന്റ്, ഈടാക്കൽ നടപടികളിലും സംഭവിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.24/2020-21 /03.12.2021) നല്കിയതിന് മറുപടി ലഭിച്ചില്ല. അപാകതകൾ പരിഹരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്.

1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

2019-20 ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | രജിസ്റ്റർ ക്രമ നം. | സ്ഥാപനം | ഒടുക്കാത്ത അർദ്ധ വർഷം 2019-20 |
|---|---|---|---|
| 1. | 41 | മാവേലി സ്റ്റോർ | II |
| 2. | 47 | അസിസ്റ്റന്റ് രജിസ്ട്രാർ | I & II |
| 3. | 49 | ആർ.പി.എസ്. കൊല്ലപ്പള്ളി | II |
| 4. | 50 | ആർ.പി.എസ്. നീലൂർ | I & II |
| 5. | 51 | സഹായ് ഫുഡ് പ്രോഡക്റ്റ്സ് | I & II |
| 6. | 51 | കേരള സോമിൽ, കൊല്ലപ്പള്ളി | II |
| 7. | 54 | ഫെറോകാസ്റ്റ് ഇലക്ട്രിക്കൽസ് | I & II |
| 8. | 55 | സ്റ്റീൽ ടെക് ഇൻഡസ്ട്രീസ് | |
| 9. | 56 | അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി-കടനാട് | I & II |
| 10. | 57 | കെ.പി.എഫ്. ഫീഡ്സ് | I & II |
| 11. | 58 | ഫോർച്യൂൺ ഗ്രാനൈറ്റ്സ് | I & II |
| 12. | 14 | അംബിക വിദ്യാഭവൻ, ഐങ്കോമ്പ് | I & II |
| 13. | - | ബാപ്പുജി പബ്ളിക് സ്കൂൾ, എലിവാലി | I |

ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിന് അതാത് വർഷം ലഭിക്കേണ്ട വരുമാനം ആയതിനാൽ പഞ്ചായത്തിന് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. അപാകതകൾക്ക് വിശദീകരണം

ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.11/2019-20/07.12.2021) നൽകിയതിന് മറുപടി ലഭ്യമായില്ല. മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2019-20 തൊഴിൽ നികുതി Prior Period Income ആയി ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഒടുക്കാതെ ഡിമാന്റിൽ നിന്ന് ഒഴിവാക്കി

2019-20 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്ന് കാണുന്നു. 2019-20 സ്ഥാപന തൊഴിൽ നികുതി ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി 31/03/2020-ൽ കുടിശികയായി നിലനിൽക്കുന്നില്ല. എന്നാൽ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഇൻഡെക്സിൽ ലിസ്റ്റ് ചെയ്തിട്ടുള്ള സ്ഥാപനങ്ങള് ഡിമാന്റിൽ വരാത്തത് എന്തുകൊണ്ട് എന്ന് വ്യക്തമല്ല. സ്ഥാപനങ്ങളുടെ പേര് താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1. | മാവേലി സ്റ്റോർ, കൊല്ലപ്പള്ളി |
| 2. | സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, കടനാട് |
| 3. | ആർ.പി.എസ്. കൊല്ലപ്പള്ളി |
| 4. | ആർ.പി.എസ്. നീലൂർ |
| 5. | സഹായ് ഫുഡ് പ്രോഡക്ട്സ് |
| 6. | കേരള സോമിൽ, കൊല്ലപ്പള്ളി |
| 7. | ഫെറോകാസ്റ്റ് ഇലക്ട്രിക്കൽസ് |
| 8. | സ്റ്റീൽ ടെക് ഇൻഡസ്ട്രിസ് |
| 9. | അഗ്രിക്കൾച്ചർ ഇംപ്രൂവ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി-കടനാട് |
| 10. | കെ.പി.എഫ്. ഫീഡ്സ് |
| 11. | ഫോർച്യൂൺ ഗ്രാനൈറ്റ്സ് |
| 12. | അംബിക വിദ്യാഭവൻ, ഐങ്കോമ്പ് |
| 13. | ബാപ്പുജി പബ്ളിക് സ്കൂൾ, എലിവാലി |
| 14. | കുഴിഞ്ഞാലിൽ ഗ്രാനൈറ്റ്സ് |

തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയത് പഞ്ചായത്തിന് വരുമാന നഷ്ടത്തിന് ഇടയാക്കുന്നു. അടിസ്ഥാന രേഖകളുടെ സൂക്ഷിപ്പിലും തൊഴിൽ നികുതി ഡിമാന്റ്, ഈടാക്കൽ നടപടികളിലും സംഭവിച്ച അപാകതകൾക്ക് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.11/07.12.2021) നൽകിയതിന് മറുപടി ലഭിച്ചില്ല. ഡിമാന്റ് രജിസ്റ്റർ ഇൻഡെക്സിൽ ലിസ്റ്റ് ചെയ്തിട്ടുള്ള മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെടുത്തി നികുതി ഈടാക്കേണ്ടതാണ്. നികുതിയുടെ ഒടുക്ക് വിശദാംശം മറുപടിയിൽ അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ നൽകേണ്ടതാണ്.

1-15 വാടക കുടിശ്ശിക - വിശദാംശങ്ങൾ ലഭ്യമല്ല

വാടക രജിസ്റ്റർ,വാർഷിക ധനകാര്യപത്രിക,ബാലൻസ് ഷീറ്റ് എന്നിവയുടെ പരിശോധനയിൽ പഞ്ചായത്തിന് 25673 രൂപ മുൻവർഷ കുടിശ്ശികയുള്ളതായി കാണുന്നു.മേൽ കുടിശ്ശികയുടെ

വിശദാംശങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.വാടക കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ആവശ്യമായ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിൽ നടത്തിയ പരിശോധനയിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു. ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ, അനുബന്ധ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 1187 ൽ പരം കെട്ടിടങ്ങളുണ്ടെങ്കിലും വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്തിട്ടുള്ളത് 310 സ്ഥാപനങ്ങൾ മാത്രമാണ്.പഞ്ചായത്തിലെ വിവിധ വ്യാപരസ്ഥാപനങ്ങളെ സംബന്ധിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിലെ എല്ലാ വാണിജ്യ/ വ്യവസായ/സേവന /ഇതര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അതനുസരിച്ച് ഗ്രാമ പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ നിന്നുള്ള ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പഞ്ചായത്ത് ജനറൽ കമ്മിറ്റിയുടെയും ശ്രദ്ധ ഇക്കാര്യത്തിലേയ്ക്ക് ക്ഷണിക്കുന്നു.

1-17 മിൽക്ക് റൂട്ട് ഇല്ലാത്ത ക്ഷീരസംഘങ്ങൾക്ക് മിൽക്ക് ട്രാൻസ്പോർട്ട് അസിസ്റ്റൻസ് - അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് / നമ്പർ | മിൽക്ക് റൂട്ട് ഇല്ലാത്ത ക്ഷീരസംഘങ്ങൾക്ക് മിൽക്ക് ട്രാൻസ്പോർട്ട് അസിസ്റ്റൻസ്(54/2020-21) |
| അടങ്കൽ | 50000(വികസനഫണ്ട് ജനറൽ ) |
| ചെലവ് | 50000വികസനഫണ്ട് ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്പക്ടർ |

മിൽമയുടെ മിൽക്ക് റൂട്ട് ഇല്ലാത്ത ക്ഷീരസംഘങ്ങൾക്ക് അടുത്തുള്ള മിൽക്ക് റൂട്ടിലേയ്ക്ക് പാൽ എത്തിച്ച് നൽകുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനാണ് മേൽ പ്രോജക്ട് നടപ്പാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ പിഴക് ക്ഷീരസംഘത്തിന് പ്രോജക്ടിന്റെ ഭാഗമായി 50000/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ വിവരങ്ങൾ,ട്രിപ്പ് ഷീറ്റ്,വാഹനം തെരെഞ്ഞെടുത്തിന്റെ വിവരങ്ങൾ തുടങ്ങിയ വിവരങ്ങൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(1/29.11.21) ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചതും മറ്റ് നടപടികൾ സ്വീകരിച്ചതും സഹകരണസംഘമാണെന്നും ആയതിനാൽ രേഖകൾ സൂക്ഷിച്ചില്ലെന്നും അറിയിച്ചു.സംഘത്തിലെ വൗച്ചർ പ്രകാരമാണ് തുക നൽകിയതെന്നും അറിയിച്ചു.അനുബന്ധരേഖകൾ സൂക്ഷിക്കാത്തത് അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

1-18 അടുക്കള മുറ്റത്തെ കോഴി വളർത്തൽ- ധനവിനിയോഗം, വിതരണ വിവരം എന്നിവ ലഭ്യമാക്കാത്തത് -ചെലവ് തടസ്സം

പ്രോജക്ട് നം -50/19-20

അടങ്കൽ -4,21,850/-

വിഭാഗം-ജനറൽ

വികസന ഫണ്ട് 81950/-,മറ്റുള്ളവ 2,10,925/-

ബിൽനം-16/19-20 തീയതി 18.01.20 81950/-

വെറ്റിനറി സർജൻ 19-20ൽ നിർവ്വഹണം നടത്തിയ പുരയിട കോഴി വളർത്തൽ എന്ന പദ്ധതിയിൽ വെള്ളാംകണ്ടത്തിൽ പൗൾട്രി ഫാമിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം നടത്തി. കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെയും സ്റ്റോക്കിലെടുത്ത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെയും വിവരങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കി ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ചെലവ് പത്രിക പ്രകാരം 2,10,925/- രൂപ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ വിശദവിവരവും ഫയലിൽ ലഭ്യമാക്കിയിട്ടില്ല.കോഴിക്കുഞ്ഞുങ്ങളെ വാങ്ങിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം | കോഴികളുടെ എണ്ണം | നിരക്ക് | തുക |
|---|---|---|---|
| 27-20/12/2019 | 745 | 110 | 81950/- |
| 26-19/12/2019 | 745 | 110 | 81950/- |
| ആകെ | 1490 | | 1,63,900/- |

ആകെ വാങ്ങിയ 1490 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെയും ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെയും വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്നും വിനിയോഗവിവരം ലഭ്യമാക്കാത്തപക്ഷം ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നതായിരിക്കും എന്നറിയിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി നൽകാത്ത സാഹചര്യത്തിൽ 81950/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.വിശദാംശങ്ങൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-19 വൃദ്ധജനങ്ങൾക്ക് പോഷകാഹാരം - പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നം- 33/19-20

ചെലവ് - 2,47,500/- (വികസനഫണ്ട്)

ബിൽ നം - 8/19-20,30/09/19

മെഡിക്കൽ ഓഫീസർപി.എച്ച്.സി 19-20 വർഷം നടപ്പാക്കിയവൃദ്ധർക്ക് പോഷകാഹാരം പ്രോജക്ട് പ്രകാരം നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് 2,47,500/- രൂപയ്ക്കുള്ള പ്രോട്ടീൻ പൗഡറുകൾ (ഡി പ്രോട്ടീൻ, ബി പ്രോട്ടീൻ, വൈറ്റ് ഓട്സ് എന്നിവ) വാങ്ങി വിതരണം ചെയ്യുകയാണ് ചെയ്തിട്ടുള്ളത്.

| ഇനം | പായ്ക്കറ്റ് എണ്ണം |
|---|---|
| ഡി പ്രോട്ടീൻ | 200 |
| ബി പ്രോട്ടീൻ | 230 |
| വൈറ്റ് ഓട്സ് | 430 |

പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 13-ാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)11/18/തസ്വഭവ/29.1.18 പ്രകാരം കിടപ്പുരോഗികൾക്ക് പോഷകാഹാരവിതരണം, പകൽവീട് സൗകര്യം ഉപയോഗപ്പെടുത്തുന്നവർക്ക് കുടുംബശ്രീ മുഖേന പാകം ചെയ്ത ഉച്ചഭക്ഷണം നൽകൽ, ആശ്രയപ്രോജക്ടിൽ ഉൾപ്പെട്ട വൃദ്ധർക്ക് സൗജന്യ ഭക്ഷ്യധാന്യ വിതരണം എന്നിവ നൽകാമെന്നാണ് പ്രതിപാദിക്കുന്നത്. പദ്ധതിമാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

2) മെഡിക്കൽക്യാമ്പ് നടത്തി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് പരിശോധനയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുന്നതിനു പകരം പൊതുവായി പ്രോട്ടീൻ പൗഡർ മാത്രമാണ് വാങ്ങിയിട്ടുള്ളത്.

മേല്പറഞ്ഞ കാരണങ്ങളാൽ വയോജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി നടപ്പാക്കിയ പ്രോജക്ടിന്റെ ലക്ഷ്യപ്രാപ്തി വിലയിരുത്താൻ സാധിച്ചിട്ടില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിൽ ഫുഡ് സപ്ളിമെന്റ് ആയാണ് മേൽ വിവരിച്ച ഇനങ്ങൾ നൽകിയത് എന്ന് മറുപടി നല്കി. പദ്ധതിമാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിമാത്രം നടപ്പാക്കേണ്ടതാണ്.

## 1-20 പഠനോപകരണങ്ങൾ വാങ്ങിയത്-നടപടികളിൽ അപാകത

| | |
|---|---|
| പ്രോജക്ട് | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനോപകരണം (39/20), 2019-20 |
| അടങ്കൽ | 23,500/- വികസന ഫണ്ട്(എസ്.സി.പി.) |
| നിർവ്വഹണ ഉദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്(ഗവ. എൽ.പി.എസ്.-കടനാട്) |
| ചെലവ് | 23,500/-<br>(ബിൽ നം.6/2019-20/02.12.2019-18,800/-<br>ബിൽ നം.7/2019-20/20.12.2019 -4,700/-) |
| നിർവ്വഹണ ഏജൻസി | JOJIN INDUSTRIES, Kattakkayam Road, Palai |

മേശയും(4X2-18g Draw & Cabin Table), സ്റ്റെയിൻലെസ് സ്റ്റീൽ കസേരയും ഉൾപ്പട്ട പഠനോപകരണ യൂണിറ്റ് വിതരണത്തിനായി തയ്യാറാക്കിയ പ്രോജക്ടിൽ JOJIN INDUSTRIES-ൽ നിന്നാണ് പഠനോപകരണങ്ങൾ 5 യൂണിറ്റ് വാങ്ങിയത്. 5 യൂണിറ്റിന് 4,700/- രൂപ നിരക്കിൽ 23,500/- രൂപ ചെലവഴിച്ചു (ഇൻവോയ്സ് നം.BB-24/15.11.2019-18,800/-,.BB-29/16.12.2019-4,700/-). എന്നാൽ വാങ്ങലിന് മത്സരക്ഷമതയും സുതാര്യതയും ഉറപ്പാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല. സ്റ്റോർ പർചേസ് വകുപ്പിന്റെ സ്റ്റോർ പർചേസ് മാന്വൽ-2013 (ജി.ഒ.(പി)നം 03/2013/SPD തീയതി 21.06.2013 ഖ-7.6,7.31) പ്രകാരം 15,000/- രൂപയ്ക്ക് മുകളിൽ ഒരു ലക്ഷം രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിക്കാതെ പഠനോപകരണം സ്വകാര്യ ഏജൻസിയിൽ നിന്ന് വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.2/2019-20/30.11.2021) നൽകിയതിന് ക്വട്ടേഷൻ ക്ഷണിച്ചതായും ഫയൽ പഞ്ചായത്തിൽ നിന്നും കാണാതായതായും അറിയിച്ചു. ക്വട്ടേഷൻ അംഗീകരിച്ച് നൽകിയ പഞ്ചായത്ത് ഭരണസമിതി തീരുമാനം ഹാജരാക്കി. പ്രോജക്ട് സംബന്ധിച്ച എല്ലാ രേഖകളും നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ ഫയലിൽ സൂക്ഷിക്കുകയും ഹാജരാക്കുകയും ചെയ്യേണ്ടതാണ് എന്നത്

ശ്രദ്ധയിൽപ്പെടുത്തുന്നു. ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-21 സ്വയം തൊഴിൽ പരിശീലന കേന്ദ്രം അറ്റകുറ്റപ്പണി -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1. 2019-20 വർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ സ്വയം തൊഴിൽ പരിശീലന കേന്ദ്രം അറ്റകുറ്റപ്പണി എന്ന പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് പ്രകാരം കരാർ വയ്ക്കാൻ നിർദ്ദേശിച്ചിരുന്ന തീയതിക്കകം കരാർ വയ്ക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരന് എതിരെ നടപടി സ്വീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രവൃത്തി | കരാറുകാരൻ | കരാർ നമ്പർ | കരാർ ചമയ്ക്കേണ്ട തീയതി | പിഴ കൂടാതെ കരാർകരാർ ചമയ്ക്കേണ്ട തീയതി | കരാർ ചമച്ച തീയതി |
|---|---|---|---|---|---|
| 137/20കുറുമണ്ണ്സ്വയം തൊഴിൽ പരിശീലന കേന്ദ്രംഅറ്റകുറ്റപ്പണി | സെബാസ്റ്റ്യൻ നിലയ്ക്കൽ | 78/AE/LSGD /KDND/18-19 14.01.19 | 20.11.18 | 30.11.18 | 14.01.19 |

PAC 45966 രൂപ ആയിരുന്നു. ആയതിന്റെ 1% തുക ഫൈൻ ആയി ഈടാക്കേണ്ടിയിരുന്നു

2.സ്വയംതൊഴിൽ പരിശീലനകേന്ദ്രം നിർമ്മാണം ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമ പഞ്ചായത്തിന്റെ കുറുമണ്ണിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ മൂന്നാം നില റൂഫിംഗ് പ്രവൃത്തികൾ മുൻ വർഷം നടത്തിയിട്ടുള്ളതാണ്. ടി ഫ്ലോറിൽ മുറികൾ തിരിച്ച് അടവാക്കുന്നതിനും ഒരു ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനും ഹാൾ ഫ്ലോറിംഗ് നടത്തുന്നതിനുമാണ് 13/17 നമ്പർ പ്രോജക്ടിൽ ( ചെലവ്- 6,90,619 രൂപ. വിഭാവനം ചെയ്തിരുന്നത്. 2016-17 വർഷം മുറികൾ തിരിച്ച് അടവാക്കുന്ന പ്രവൃത്തിയും ടോയ്‌ലറ്റ് നിർമ്മാണവും ഫ്ലോറിംഗും പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടത്. മുറികൾ തിരിച്ചിട്ടില്ല. കൂടാതെ ടി ഫ്ലോറിന്റെ വൈദ്യുതീകരണം, കുടിവെള്ളം മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഓഡിറ്റ് വർഷം വരെയും മേൽസൂചിത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. നാലു വർഷമായിട്ടും സ്വയംതൊഴിൽ പരിശീലനകേന്ദ്രം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കാൻ സാധിച്ചിട്ടില്ല.

3. ജി.ഒ.(എം.എസ്.)നം.362/2013തസ്വഭവ16-11-13 ഖണ്ഡിക 11.13, XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്യണമോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അംഗീകാരം നൽകുവാനോ പാടില്ല എന്നും തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്നു. കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനുള്ള തുടർ നടപടികളെ സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. തുടർ പ്രോജക്ടുകൾ ആവിഷ്കരിച്ച് സ്വയംതൊഴിൽ പരിശീലനകേന്ദ്രം യാഥാർത്ഥ്യമാക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രവൃത്തി പൂർത്തീകരിക്കുന്നതുവരെ ഓഡിറ്റുവർഷം ചെലവഴിച്ച 45966രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 വൃദ്ധർക്ക് കട്ടിൽ വിതരണം പദ്ധതിയിൽ അപാകങ്ങൾ

പ്രോജക്ട് നം -45/19-20

അടങ്കൽ -103509/-

വിഭാഗം-എസ്സ്സിപി

2019-20 വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പദ്ധതിയിൽ കട്ടിൽ വിതരണത്തിൽ വന്ന അപാകങ്ങൾ ചുവടെ ചേർക്കുന്നു. പദ്ധതിയിൽപ്പെടുത്തി ഫോറസ് ഇൻഡസ്ട്രീസ് നീറിക്കാട് കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നും 3450/-രൂപ നിരക്കിൽ രണ്ട് ഇൻവോയ്സുകളിലായി ആകെ 30 കട്ടിലുകൾ വാങ്ങി. 103509/- രൂപ 12.12.19 ലെ 4ആം നം ബിൽ പ്രകാരം 196202000000147ആം നം ഫോറസ് ഇൻഡസ്ട്രീസിന്റെ അക്കൗണ്ടിലേയ്ക്ക് തുക നൽകി.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം | കട്ടിലിന്റെ എണ്ണം | തുക |
|---|---|---|
| 30-07/12/2019 | 14 | 48304.48/- |
| 34-07/12/2019 | 16 | 55205/- |
| ആകെ | 30 | 1,03,509/- |

എന്നാൽ 27 കട്ടിലുകൾ വിതരണം ചെയ്തതിന്റെ വിതരണ വിവരം മാത്രമാണ് ലഭ്യമാക്കിയത്.ബാക്കി വന്ന 3 കട്ടിലുകൾ വിതരണം നടത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല.ബാക്കി നിൽക്കുന്ന കട്ടിലുകൾ വിതരണം ചെയ്ത് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 02/06/2020-ലെ 1/1 നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന

ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 25/11/2021-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 വർഷം സംയുക്ത പ്രോജക്ടിനായി ളാലം ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് തൻവർഷവും മുൻവർഷം ലഭിച്ചതുമായ ഫണ്ട് ചെലവഴിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ളാലം | 2019-20 | 301,032/- | പാലിയേറ്റീവ് കെയർ(31/20) | 301,032/- | 0 |
| | 2019-20 | 860,000/- | ലൈഫ് ഭവനപദ്ധതി-ജനറൽ(17/20) | 860,000/- | 0 |
| | 2019-20 | 40,000/- | ലൈഫ് ഭവനപദ്ധതി-എസ്.സി.(18/20) | 40,000/- | 0 |
| | സ്പിൽ ഓവർ | 140,000/- | ലൈഫ് ഭവനപദ്ധതി-എസ്.സി.(143/20) | 140,000/- | ലഭ്യമല്ല |
| | 2019-20 | 200,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(35/20) | 200,000/- | 0 |
| | സ്പിൽ ഓവർ | 148,047/- | വഴികുളം കോളനി കുടിവെള്ള പദ്ധതി (159/20) | 148,047/- | ലഭ്യമല്ല |
| | സ്പിൽ ഓവർ | 400,000/- | കുറുമണ്ണ് വരകിൽ രണ്ടുമാവ് ഇഞ്ചുകാവ് കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം(182/20) | 400,000/- | ലഭ്യമല്ല |
| | 2019-20 | 50,000/- | പാലസ് കുടിവെള്ള പദ്ധതി മോട്ടാർ വാങ്ങൽ(257/20) | 50,000/- | 0 |
| | 2019-20 | 100,000/- | ക്ഷീരകർഷകർക്ക് | 100,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | പാലിന് സബ്സിഡി നൽകൽ(54/20) | | |
| ആകെ | | 2,239,079/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2,239,079/- | - |
| ജില്ല പഞ്ചായത്ത്, കോട്ടയം | 2019-20 | 200,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്(35/20) | 200,000/- | 0 |
| | 2019-20 | 500,000/- | കാവുംകണ്ടം കാട്ടാമറ്റം കുടിവെള്ള പദ്ധതി പൂർത്തീകരണം വാർഡ്-12(83/20) | 500,000/- | 0 |
| | 2019-20 | 349,304/- | കവിയത്ത് ഗ്രാമീണ ശുദ്ധജല പദ്ധതി പൂർത്തീകരണം(178/20) | 349,304/- | 0 |
| | സ്പിൽ ഓവർ | 383,400/- | നൂറുമല കുടിവെള്ള പദ്ധതി പൂർത്തീകരണം (179/20) | 383,400/- | ലഭ്യമല്ല |
| | സ്പിൽ ഓവർ | 299,135/- | കുറുമണ്ണ് വരകിൽ രണ്ടുമാവ് ഇഞ്ചുകാവ് കുടിവെള്ള പദ്ധതി ഒന്നാം ഘട്ടം(182/20) | 299,135/- | ലഭ്യമല്ല |
| | സ്പിൽ ഓവർ | 200,865/- | കുറുമണ്ണ് വരകിൽ രണ്ടുമാവ് ഇഞ്ചുകാവ് കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം(187/20) | 200,865/- | ലഭ്യമല്ല |
| ആകെ | | 1,932,704/- | ജില്ല പഞ്ചായത്ത് വിഹിതം | 1,932,704/- | - |

സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിമയം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ഫണ്ടിൽ നി143/20, 159/20, 182/20 നം. പ്രോജക്ടുകൾക്കായി 688,047/- രൂപ ചെലവഴിച്ചു. ജില്ല പഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച ഫണ്ടിൽ നിന്നും179/20, 182/20, 187/20 നം. പ്രോജക്ടുകൾക്കായി 883,400/- രൂപ ചെലവഴിച്ചു. എ.സി.ആർ. സൂക്ഷിക്കാതിരുന്നതിനാൽ പ്രസ്തുത പ്രോജക്ടുകൾക്ക് ചെലവഴിച്ച ശേഷമുള്ള ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടുകളിൽ 31/03/2020 ലെ ബാലൻസ് ഷീറ്റിൽ അവശേഷിക്കുന്ന 574,423/- രൂപ ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ചതാണ് എന്ന് വ്യക്തമല്ല.

കൃത്യമായ അനുബന്ധരേഖകളുടെ അഭാവത്തിൽ സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗത്തിന്റെ ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും ഭൂജല വകുപ്പിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ഭൂജല വകുപ്പ് | വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണം(24/20) | 132,745/- | 0 | 132,745/- |
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് മീറ്റർ സ്ഥാപിക്കൽ(25/20) | 374,612/- | 0 | 374,612/- |
| കെ.എസ്.ഇ.ബി. | ഉഴുന്നുകാവ് പേഴത്തിനാൽ ഭാഗത്ത് ഇലക്ട്രിക് ലൈൻ ഷിഫ്റ്റിങ്ങ് (233/20) | 40,752/- | 0 | 40,752/- |

കെ.എസ്.ഇ.ബി. യിൽ നൽകിയ 415,364/- രൂപയിൽ 412,365/- രൂപയാണ് നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തത്(RP-47). 2,999/- രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല. അക്കൌണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 വർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

EMS ഭവന പദ്ധതി വായ്പ തിരിച്ചടയ്ക്കാനുള്ള ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് 174,973/- രൂപ വായ്പ അക്കൗണ്ട് മുൻവർഷത്തിൽ ക്ലോസ് ചെയ്ത ശേഷവും നിലനിൽക്കുന്നത് വിശദീകരിക്കപ്പെട്ടിട്ടില്ല. 2019-20 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 7,458,940/- | 720,000/- | 602,942/- 844/- | - | 7,575,154/- |

സെക്രട്ടറിയുടെ 255/20, 259/20 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 529,412/- രൂപയും 256/20, 260/20 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(SCP) യിൽ 44,118/- രൂപയും 258/20,261/20 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(TSP) യിൽ 29,412/- രൂപയും എന്നിങ്ങനെ ആകെ 602,942/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. വാർഷിക കണക്കുകൾ പ്രകാരം 844/- രൂപയുടെ വ്യത്യാസം തിരിച്ചടവ് തുകയിൽ നിലനിൽക്കുന്നു (814/- രൂപ 41900344/01.04.2019 വൗച്ചർ പ്രകാരം Prior Period- Programme Expense ആയി ക്രമീകരിച്ചിരിക്കുന്നു). വായ്പ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. KURDFC വായ്പ ആരംഭിച്ചത് മുതലുള്ള രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷത്തെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2019-20 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 435,575/- |
| തൻവർഷം നിക്ഷേപിച്ച തുക(FD പലിശ) | 35,935/- |
| ആകെ | 471,510/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2020-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 471,510/- |

സ്ഥിരനിക്ഷേപത്തിന്റെ ബാങ്ക്, FD അക്കൗണ്ട് നമ്പർ എന്നിവ താഴെ കൊടുക്കുന്നു. സ്ഥിരനിക്ഷേപം പലിശ മുതലിൽ ചേർത്ത് പുതുക്കുകയാണ് ചെയ്യുന്നത്.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | The Kadanad SCB Ltd No.K2 |
| ബാങ്ക് ശാഖ(കോഡ്) | കടനാട് |
| എഫ്. ഡി. അക്കൌണ്ട് നം. (4 അക്കൌണ്ടുകൾ) | 5946/K, 5947/K, 5948/K, 5949/K |

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും

കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കടനാട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കടനാട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./ തീയതി | ഖണ്ഡിക നം. | തുക | ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2009-10 & 2010-11 | എൽഎഫ്.കെ.പി7/991/12 തീയതി-11/01/2013 | 3-5ബി | 17,806/- | ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ, ചെത്തിമറ്റത്തിൽ വീട്, വഞ്ചിമല പി.ഒ., കാഞ്ഞിരപ്പള്ളി-686508. |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 59,504,783/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43,717,269/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 127,916/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 81,950/- | ഡോ. സുനിൽ വി. ബി., വെറ്റിനറി സർജൻ |
| 1-21 | 45,966/- | ഗ്രീഷ്മ ജി. അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| ആകെ | 127,916/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 1-16

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/11/2021 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1976-77 | എൽ.എഫ്.കെ.പി2/3428/P7/78 /16.01.1979 | 5 |
| 1977-78 | എൽ.എഫ്.കെ.പി5-335/80 /16.04.1980 | 5 |
| 1978-79 | എൽ.എഫ്.കെ.പി5-2655/80 /06.12.2081 | 5 |
| 1980-81 | എൽ.എഫ്.കെ.പി5-1766/82 /29.01.1983 | 5 |
| 1998-99 | കെഎസ്എ.കെടിഎം.പി7/183(1)/19/ 10.01.2020 | 3 |
| 2000-01&2001-02 | കെഎസ്എ.കെടിഎം.പി.7/706 /03/10.01.2005/02.02.2005 | 12 |
| 2003-04 | കെഎസ്എ.കെടിഎം.പി7/183(37) /2019/ 10.01.2020 | 5 |
| 2004-05 | കെഎസ്എ.കെടിഎം.പി7/183 /2019/ 02.06.2020 | 4 |
| 2005-06 | കെഎസ്എ.കെടിഎം.പി7/183 /2019/ 24.04.2020/02.06.2020 | 3 |
| 2006-07 | കെഎസ്എ.കെടിഎം.പി7/183 /2019/ 24.04.2020/02.06.2020 | 3 |

| | | |
|---|---|---|
| 2007-08 | കെഎസ്എ.കെടിഎം.പി7/183 /2019/ 24.04.2020/02.06.2020 | 7 |
| 2008-09 | കെഎസ്എ.കെടിഎം.പി7/183 /2019/ 04.05.2020/02.06.2020 | 4 |
| 2009-10&2010-11 | കെഎസ്എ.കെടിഎം.പി7/183 /2019/ 25.05.2020/11.06.2020 | 18 |
| 2011-12 &2012-13 | കെഎസ്എ.കെടിഎം.പി7/183 /2019/ 29.07.2020 | 11 |
| 2013-14&2014-15 | കെഎസ്എ.കെടിഎം.പി7/183 /2019/ 26.05.2020/02.06.2020 | 14 |
| 2015-16 | കെഎസ്എ.കെടിഎം.പി7/183 /2019/ 26.05.2020/03.06.2020 | 5 |
| 2016-17 | കെഎസ്എ.കെടിഎം.പി7/183 /2019(11)/ 03.09.2020 | 6 |
| 2017-18 | കെഎസ്എ.കെടിഎം.പി7/46 /2020/ 25.05.2020 | 8 |
| 2018-19 | കെഎസ്എ.കെടിഎം.പി7/45 /2020/ 22.04.2020/29.05.2020 | 30 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്